# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/09/2024

1. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സർക്കാരിന്റെ നാലാം 100 ദിന കർമ്മ പരിപാടി ആറ്റുമൺപുറം നീർത്തട പദ്ധതി ആർ. ഐ. ഡി. എഫ്. 25 – ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസ്തി കൈമാറ്റം ഇന്ന് (സെപ്റ്റംബർ 25) ഉച്ചയ്ക്ക് 3 മണിക്ക് വിതുര ഗ്രാമപഞ്ചായത്തിലെ മണലി വാർഡിലെ തണ്ണിപ്പെട്ടി ഗ്രൗണ്ടിൽ വച്ച് കൃഷി, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മന്ത്രി പി.പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു. അരുവിക്കര എം.എൽ.എ. അഡ്വ.ജി.സ്റ്റീഫൻ ചടങ്ങിന് അദ്ധ്യക്ഷത വഹിക്കുന്നു.

2. രാജ്യത്തെ തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കുന്ന വ്യക്തികൾക്കും, ഏറ്റവും നല്ല എ.ഐ ടെക്നീഷ്യനും, ഡെയറി കോപ്പറേറ്റീവ്/ മിൽക്ക് പ്രൊഡ്യൂസർ കമ്പനി/ ഡെയറി ഫാർമർ ഓർഗനൈസേഷൻ എന്നീ വിഭാഗങ്ങൾക്കും 'ദേശീയ ഗോപാൽരത്ന പുരസ്കാരം 2024' നൽകുന്നു. Ministry of Home Affairs (MHA) യുടെ https://awards.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെ അവാർഡിനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം (സെപ്റ്റംബർ) 30 ആണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2449138 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. മൂന്നാംഘട്ട എൻ. എ.ഡി സി പി ബ്രൂസല്ലോസിസ് വാക്സിനേഷൻ സംസ്ഥാനത്തുടനീളം സെപ്റ്റംബർ 24 മുതൽ 28 വരെ നടത്തപ്പെടുന്നു. നാലുമാസം മുതൽ 8 മാസം വരെ പ്രായമായ പെൺ കന്നുകാലികളിലാണ് വാക്സിനേഷൻ നടത്തപ്പെടുക.

ഇതിന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന് രാവിലെ 10 മണിക്ക് ആര്യനാട് മൃഗാശുപത്രിയിൽ വച്ച് നടത്തപ്പെടുന്നു.

4. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിനായി നാലു ചക്രമുള്ള ട്രോളി വിതരണം ചെയ്യുന്നതിന് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട്, ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം., എന്ന മേൽ വിലാസത്തിൽ അയക്കേണ്ടതും, ക്വട്ടേൻ കവറിനു പുറത്ത് ട്രോളി വിതരണം സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന് രേഖപ്പെടുത്തിയിരിയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 07/10/2024-തിയതി രാവിലെ 11 മണിവരെയാണ്. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി നേരിട്ടോ 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **കൂൺ കൃഷി'** എന്ന വിഷയത്തിൽ ഇന്ന് (സെപ്റ്റംബർ 25) ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/ രൂപ താല്പര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം ഇന്നു മുതൽ (25.09.2024) മൃഗസംരക്ഷണ മേഖലയിലെ വിവിധ വിഷയങ്ങളെക്കുറിച്ച് (പശു, ആട്, മുയൽ, കോഴി, കാട) 5 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ - താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് 2024 സെപ്റ്റംബർ മാസം 27, 28 തീയ്യതികളിൽ '**വ്യാവസായിക അടിസ്ഥാനത്തിലുള്ള പശു വളർത്തൽ**', എന്ന വിഷയത്തിൽ ദ്വിദിന പരിശീലനം നൽകുന്നു. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർ 26/09/2024 ന് മുമ്പായി പരിശീലന കേന്ദ്രത്തിൽ താഴെ കൊടുത്ത ഫോൺ നമ്പറിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി 0497 -2763473 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ 2024 സെപ്തംബർ 26, 27 തീയതികളിൽ ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് 9388834424/9446453247 ലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

8. കോട്ടയം മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ഫിഷറീസ് ഈ ഗ്രാൻ്റിനുള്ള അപേക്ഷകൾ ഈ സാമ്പത്തികവർഷം പുതിയ ഇ-ഗ്രാന്റ്സ് സോഫ്റ്റ്വേറിലൂടെ നൽകണം. സ്ഥാപന മേധാവികൾ 2023-24 സാമ്പത്തിക വർഷം വരെയുള്ള എല്ലാ ക്ലെയിമും 2024 ഒക്ടോബർ 15 ന് മുമ്പ് പൂർത്തിയാക്കണം. ഗ്രാന്റിന് അർഹതയുള്ള വിദ്യാർത്ഥികൾ ഫോം നമ്പർ നാലിൽ അപേക്ഷിച്ച് അപേക്ഷ ഇ- ഗ്രാന്റ്സ് സോഫ്റ്റ്വേറിൽ അപ്ലോഡ് ചെയ്യണം. അപേക്ഷ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഇ ഗ്രാൻ്റ് സോഫ്റ്റ്വേറിലൂടെ അംഗീകാരം നൽകി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അയക്കണം. ഹാർഡ് കോപ്പി തപാൽ മാർഗം സമർപ്പിക്കണം. അപേക്ഷയ്ക്കൊപ്പം മത്സ്യ തൊഴിലാളി ക്ഷേമനിധി പാസ്സ് ബുക്കിൻ്റെ കോപ്പി, മത്സ്യ തൊഴിലാളി ക്ഷേമനിധി ഓഫീസറുടെ സാക്ഷ്യപത്രം, ഫാറം നമ്പർ നാലിലെ

പേജ് മൂന്നിലുള്ള സാക്ഷ്യപത്രം, ആധാറിന്റെ പകർപ്പ്. ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്, എസ്.എസ്.എൽ.സി. ബുക്കിൻ്റെ പകർപ്പ്.. അലോട്മെന്റ് മെമ്മോ, സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലാണ് പഠിക്കുന്നതെങ്കിൽ അതാത് സ്ഥാപനങ്ങൾക്കുള്ള ട്യൂഷൻ ഫീസ്, എക്സസാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ നിശ്ചയിച്ചുകൊണ്ടുള്ള ബന്ധപ്പെട്ട ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ ഉത്തരവ് എന്നിവ ഹാജരാക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം